**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3733 11.11.2019- ൽ മറുപടിയ്ക്ക്

**പ്രവാസികളുടെ ക്ഷേമനിധി അംഗത്വം**

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | അറുപത് വയസ്സ് കഴിഞ്ഞ പ്രവാസികൾക്ക് ക്ഷേമനിധി പദ്ധതിയിൽ അംഗമാകുവാൻ കഴിയുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; | എ)<br>&<br>ബി) | കേരള പ്രവാസി ക്ഷേമനിധി അംഗത്വം നൽകുന്നത് 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണ്. ടി ആക്ട് അനുസരിച്ച് അംഗത്വത്തിനുള്ള പ്രായ പരിധി 18 മുതൽ 60 വയസ്സ് വരെയാണ്. 60 വയസ്സ് കഴിഞ്ഞവർക്ക് അംഗത്വം നൽകുന്നതിന് പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യേണ്ടതുണ്ട്. ആയത് ഇപ്പോൾ സർക്കാറിന്റെ പരിഗണനയിലില്ല. |
| ബി) | പ്രായപരിധിയില്ലാതെ എല്ലാ പ്രവാസികളെയും ക്ഷേമനിധിയിൽ അംഗമാക്കുവാനുള്ള നിയമ നിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോ; | | |
| സി) | മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ ഉണ്ടായിരുന്ന ക്ഷേമനിധി ബോർഡിന്റെ ഓഫീസ് പുനഃസ്ഥാപിക്കുന്ന കാര്യം പരിശോധിക്കുമോ; | സി)<br>&<br>ഡി) | മലപ്പുറത്ത് പ്രവാസി ക്ഷേമനിധി ബോർഡിന്റെ ലെയ്സൺ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. അതിനാൽ കോട്ടയ്ക്കലിൽ ക്ഷേമനിധിയുടെ ഓഫീസ് ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |
| ഡി) | ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**